**കേരള സർക്കാർ**

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് – അടൂർ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിലെ ഒന്നാം സെമസ്റ്റർ ആർക്കിടെക്ചർ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായ ശ്രീ ശ്രീക്കുട്ടൻ എസിന്റെ ഹാജർ കുറവ് മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ (സാധാ)നം.2090/2018/ഉവിവ തീയതി, തിരുവനന്തപുരം, 21/11/2018.

---

പരാമർശം: 1. ശ്രീ . ശ്രീക്കുട്ടൻ എസ്. ന്റെ അപേക്ഷ.

2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 15/11/2018 ലെ സി2/40302/2018 (1) നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്നിലെ കത്ത് പ്രകാരം അടൂർ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിലെ ഒന്നാം സെമസ്റ്റർ ആർക്കിടെക്ചർ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായ ശ്രീ ശ്രീക്കുട്ടൻ എസ്. തനിക്ക് ഒന്നാം സെമസ്റ്ററിൽ 58.9 % അറ്റൻഡൻസ് മാത്രമേയുള്ളുവെന്നും ആയത് മാപ്പാക്കി പരീക്ഷ എഴുതുവാൻ അനുവദിക്കണമെന്നും അപേക്ഷിച്ചിരുന്നു .

2. പരാമർശം (2) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നല്കിയ റിപ്പോർട്ടിലെ വസ്തുതകളുടെ അടിസ്ഥാനത്തിൽ, അടൂർ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിലെ ഒന്നാം സെമസ്റ്റർ ആർക്കിടെക്ചർ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായ ശ്രീ ശ്രീക്കുട്ടൻ എസിന്റെ ഹാജർ കുറവ്, ഇതിനാവശ്യമായ ഫീസ് ടിയാൻ ഒടുക്കേണ്ടതാണ് എന്നും ഗവൺമെന്റ് ആശുപത്രിയിലെ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇനിയൊരു ഹാജർ കുറവ് മാപ്പാക്കുകയുള്ളൂ എന്നുമുള്ള വ്യവസ്ഥകളിന്മേൽ മാപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീദേവി ഇ.എസ്.**

അണ്ടർ സെക്രട്ടറി.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സാങ്കേതിക പരീക്ഷാ ജോയിന്റ് കൺട്രോളർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, അടൂർ .
ശ്രീ. ശ്രീക്കുട്ടൻ എസ്., ഒന്നാം സെമസ്റ്റർ ആർക്കിടെക്ചർ എഞ്ചിനീയറിംഗ്,
ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, അടൂർ (പ്രിൻസിപ്പൽ മുഖേന).
വിവരപൊതുജന സമ്പർക്ക വകുപ്പ് (വെബ് &ന്യൂ മീഡിയ)
www.highereducationkerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Manujm

സെക്ഷൻ ഓഫീസർ.